# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## കുടുംബ വിശുദ്ധീകരണ പ്രാർത്ഥന-Family sanctify




### കുടുംബ വിശുദ്ധീകരണ പ്രാർത്ഥന

കുടുംബത്തെ സ്ഥാപിക്കുകയും കുടുംബജീവിതത്തെ അനുഗ്രഹിക്കുകയും ചെയ്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങ് ഞങ്ങളുടെ മദ്ധ്യേ സന്നിഹിതനാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾക്ക് നൽകിയിട്ടുള്ള ആത്മീയവും ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് ഞങ്ങൾ മനസ്തപിക്കുന്നു. അവയ്ക്ക് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. ഞങ്ങളുടെ ഭവനത്തിൽ അങ്ങ് വാസമുറപ്പിക്കേണമേ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും വ്യാപാരങ്ങളും അങ്ങു നിയന്ത്രിക്കേണമേ. വിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തേണമേ. പരസ്പരസ്നേഹവും ബഹുമാനവും ഞങ്ങൾക്ക് നൽകേണമേ. ഭിന്നതയും കലഹവുമുണ്ടാകാതെ സമാധാനത്തിലും ഐക്യത്തിലും ഞങ്ങളെ നയിക്കേണമേ.

ദൈവശുശ്രൂഷയ്ക്കും സഭാസേവനത്തിനുമായി ഞങ്ങളുടെ കുടുംബങ്ങളിൽനിന്ന് പ്രേഷിതരെ വിളിക്കേണമേ. രോഗികളേയും ആസന്നമരണരേയും കാത്തുപരിപാലിക്കേണമേ. പാപസാഹചര്യങ്ങളിലും അപകടങ്ങളിലുംനിന്ന് ഞങ്ങളെ ഓരോരുത്തരേയും കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നു മരിച്ചുപോയിട്ടുള്ളവർക്കു സ്വർഗ്ഗഭാഗ്യം നൽകേണമേ. ഞങ്ങളുടെ അയൽക്കാരേയും ചാർച്ചക്കാരേയും സമൃദ്ധമായി അനുഗ്രഹിക്കേണമേ. ഞങ്ങളെല്ലാവരും അവസാനം അങ്ങയോടൊന്നിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുവാൻ ഇടവരുത്തുകയും ചെയ്യേണമേ. ആമ്മേൻ.

### തിരുവചനം

കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (അപ്പ.പ്രവർത്തനങ്ങൾ 16:31).

കർത്താവു നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയുംചെയ്യട്ടെ. അവിടുന്നു നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണകാണിക്കുകയും ചെയ്യട്ടെ. കർത്താവു കരുണയോടെ കടാക്ഷിച്ചു നിനക്കു സമാധാനം

നൽകട്ടെ (സംഖ്യ 6:24 -26).

+++